"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം - സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ എസി പ്ലാന്റിലെ 110TR ചില്ലർ യൂണിറ്റിന്റെ അറ്റകുറ്റപണി- ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി -ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1250/2026/H&FWD തീയതി,തിരുവനന്തപുരം, 26-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ) 2401/2025/ആ.കു.വ തീയതി 16.08.2025
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 13.03.2026 ലെ പിഎ3/2280/2026/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ശീതീകരണ സംവിധാനത്തിനായി നിലവിൽ മൂന്ന് 110TR (Blue Star make) ചില്ലർ യൂണിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇതിൽ രണ്ട് യൂണിറ്റുകൾ 24x7 മണിക്കൂർ പ്രവർത്തിപ്പിച്ചാണ് തിയേറ്ററുകൾ, ഐ.സി.യു (ICU), എച്ച്.ഡി.യു (HDU) എന്നിവയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതെന്നും, എന്നാൽ 2025 സെപ്റ്റംബർ മുതൽ ഒരു ചില്ലർ യൂണിറ്റ് തകരാറിലാവുകയും, തുടർന്ന് നടത്തിയ പരിശോധനയിൽ ഒരു ചില്ലർ യൂണിറ്റിന്റെ 'Evaporator Coil' മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്ന് കണ്ടെത്തുകയും ടി പ്രവൃത്തിയ്ക്കായി ₹12,00,000/- രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം സമർപ്പിച്ചതായും, എന്നാൽ നിലവിൽ ഓഫീസിലെ പ്ലാൻ/നോൺ പ്ലാൻ ശീർഷകങ്ങളിൽ ഇതിനായി ഫണ്ട് ലഭ്യമല്ലായെന്നും, തുക ഒരു ലക്ഷത്തിന് മുകളിൽ ആയതിനാൽ ഭരണപരമായ കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാലും, മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി (എച്ച്.ഡി.എസ്) വഴി തുക ലഭ്യമാക്കാൻ നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അറിയിക്കുകയുണ്ടായി.

2. എന്നാൽ, പരാമർശം (1) പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ "മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യ നവീകരണവും വിലയേറിയ

ഉപകരണങ്ങളുടെ സംരക്ഷണവും" എന്ന പ്രവർത്തിയ്ക്കായി 2210-05-105-30-34-OC-3OI (P) ശീർഷകത്തിൽ ക്രമ നം.2-ൽ എൻ.കെ.എൻ ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ നെറ്റ് വർക്കിനായുള്ള ഇ-ഹെൽത്ത് യു.പി.എസ് കരാറിന്റെ എ.എം.സി/സി.എം.സി എന്ന വിഭാഗത്തിൽ ഭരണാനുമതി ലഭ്യമായ ₹64,90,455/- രൂപയിൽ ഇ-ഹെൽത്ത് ഉപകരണങ്ങളുടെ എ.എം.സി/ സി.എം.സിയ്ക്കായി ആകെ വരുന്ന ₹51,12,175/- രൂപ പോകെ ബാക്കിയുള്ള തുകയിൽ നിന്നും ₹12,00,000/- രൂപ ചില്ലർ യൂണിറ്റിന്റെ അടിയന്തിര അറ്റകുറ്റപ്പണിക്കായി വിനിയോഗിക്കുന്നതിന് ആവശ്യമായ അനുമതി നൽകണമെന്ന് പരമാർശം കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചില്ലർ യൂണിറ്റുകൾ തകരാറിലായാൽ ആയത് രോഗികളുടെ ചികിത്സയെയും സർജറികളെയും അതിവ ഗുരുതരമായി ബാധിക്കാൻ സാധ്യതയുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്ത്, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ശീതീകരണ സംവിധാനത്തിനായി ഉപയോഗിക്കുന്ന 110TR (Blue Star make) ചില്ലർ യൂണിറ്റുകളിലെ തകരാറിലായ ഒരു ചില്ലർ യൂണിറ്റിന്റെ 'Evaporator Coil' മാറ്റി സ്ഥാപിക്കുന്ന അറ്റകുറ്റ പണിയ്ക്കായി വേണ്ടിവരുന്ന **₹12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം)** പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയതിൽ ക്രമ നമ്പർ (2) പ്രകാരം കമ്പ്യൂട്ടർ നെറ്റ് വർക്കിനായുള്ള ഇ-ഹെൽത്ത് യു.പി.എസ് കരാറിന്റെ എ.എം.സി/സി.എം.സി എന്ന വിഭാഗത്തിൽ "2210-05-105-30-34-OC-3OI(P)" ശീർഷകത്തിൽ അനുവദിച്ച ₹64,90,455/-രൂപയിൽ ഇ-ഹെൽത്ത് ഉപകരണങ്ങളുടെ എ.എം.സി/സി.എം.സിയ്ക്കായുള്ള ₹51,12,175/- പോകെ ബാക്കിയുള്ള തുകയിൽ നിന്നും **വിനിയോ**ഗിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

മെഡ ിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ് ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (3464692/എച്ച്.എൽ.റ്റി എ2- 113/2026/ധന തീയതി 26.03.2026 പ്രകാരം അറിവിലേയ്ക്കായി)

ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/40/2026-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 27-03-2026 13:45:02

സെക്ഷൻ ഓഫീസർ